## പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പത്താമത് റിപ്പോർട്ട്

**(വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠ്യപദ്ധതിയുടെ ആവശ്യകത സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

(2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## പത്താമത് റിപ്പോർട്ട്

**(വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠ്യപദ്ധതിയുടെ ആവശ്യകത സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

(2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

324/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ശിപാർശകൾ | .. | 5 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുല്ലക്കര രത്നാകരൻ

<u>അംഗങ്ങൾ</u> :

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ്, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രപഞ്ചത്തിൽ ജീവന്റെയും ആവാസ വ്യവസ്ഥയുടെയും സാന്നിദ്ധ്യമുള്ള ഏകഗ്രഹം നമ്മുടെ ഭൂമി മാത്രമാണ് എന്നത് എല്ലാവർക്കും അറിവുള്ള കാര്യമാണ്. എഴുപത്തഞ്ച് ശതമാനവും ജലത്താൽ ചുറ്റപ്പെട്ട ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനും, ജന്തു, സസ്യജാലങ്ങളുടെ ക്രമാനുഗതമായ പരിപോഷണത്തിനുമുള്ള എല്ലാ സംവിധാനങ്ങളും പ്രകൃതി തന്നെ ഒരുക്കിയിട്ടുണ്ട്. ഭൂമിയിൽ ആദ്യമായി ജീവൻ ഉറവെടുത്തതും അതിനു ശേഷമുണ്ടായ വികാസ പരിണാമങ്ങളുമെല്ലാം നാം വിവിധ മാർഗ്ഗങ്ങളിലൂടെ മനസ്സിലാക്കിയിട്ടുള്ളതാണ്. ഭൂമിയെ മാതാവായി കരുതി സംരക്ഷിച്ചിരുന്ന ഒരു രാജ്യമാണ് നമ്മുടെ ഭാരതം. സിന്ധുനദീതട സംസ്കാരം ലോകത്തിനു തന്നെ മാതൃകയായ ഒന്നാണ്.

എന്നാൽ, മനുഷ്യന്റെ വളർച്ചയും പുരോഗതിയും ജനസംഖ്യാ വർദ്ധനവും അനുസരിച്ച് അനിയന്ത്രിതമായ പ്രകൃതി ചൂഷണവും വനനശീകരണവും ജലസ്രോതസ്സുകളുടെ മലിനീകരണവും നമ്മുടെ പരിസ്ഥിതിയെയും ആവാസ വ്യവസ്ഥയെയും തികച്ചും അസന്തുലിതാവസ്ഥയിൽ എത്തിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. തന്മൂലം പ്രളയവും കൊടുങ്കാറ്റും പുതിയ പുതിയ രോഗങ്ങളും മറ്റും നിത്യേനയെന്നോണം അനുഭവിക്കുവാൻ നാം വിധിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെയെല്ലാം കാരണക്കാരൻ മനുഷ്യൻ മാത്രമാണ്.

ഭാവിതലമുറകളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സാധ്യത നിലനിർത്തിക്കൊണ്ടുതന്നെ ഇന്നത്തെ തലമുറയ്ക്ക് പരമാവധി നേട്ടം ലഭിക്കുന്ന തരത്തിൽ ജീവമണ്ഡലത്തെ ഉപയോഗപ്പെടുത്തുക എന്നതാണ് പ്രകൃതി സംരക്ഷണം കൊണ്ട് അർത്ഥമാക്കേണ്ടത്. പരിസരത്തിന്റെ മേന്മയും അതിന്റെ സൗന്ദര്യാത്മകതയും പ്രകൃതിയുടെ സംതുലിതാവസ്ഥയും നിലനിർത്തുക എന്നതാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ കാതൽ. പ്രകൃതി സംരക്ഷണം ഒരിക്കലും വികസന പ്രവർത്തനങ്ങൾക്ക് എതിരല്ലെന്നും, ആസൂത്രിതമല്ലാത്ത വികസനത്തെയാണ് എതിർക്കേണ്ടതെന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമുക്ക് ചെയ്യാവുന്ന പരമപ്രധാനമായ കാര്യം പരിമിതമായ പ്രകൃതി വിഭവങ്ങളെ ആസൂത്രിതമായി മാത്രം ഉപയോഗപ്പെടുത്തുക എന്നതാണ്. പ്രകൃതി വിഭവങ്ങൾ അമിതമായ ചൂഷണം കൊണ്ട് തീർന്നുപോകുന്ന അവസ്ഥയിലേക്ക് എത്തപ്പെട്ടിരിക്കുന്നു. പ്രകൃതിയുടെ പ്രാധാന്യത്തെക്കുറിച്ചും പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിനെക്കുറിച്ചും ചെറുതും വലുതുമായ എത്രയോ പ്രവർത്തനങ്ങൾ നമുക്ക് ചുറ്റും നടക്കുന്നുണ്ട്. എന്നാൽ അവയൊന്നും തന്നെ പ്രതീക്ഷിച്ച ഫലം നൽകിയിട്ടില്ല എന്നതാണ് വസ്തുത. പരിസ്ഥിതി സംരക്ഷണം എന്റെ ഉത്തരവാദിത്തമല്ല, മറിച്ച് മറ്റാരുടെയൊക്കെയോ ഉത്തരവാദിത്തമാണ് എന്ന രീതിയിലുള്ള നമ്മുടെ മനോഭാവം മാറിയാൽ മാത്രമേ പരിസ്ഥിതി സംരക്ഷണം അർത്ഥവത്താവുകയുള്ളൂ.

പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത ചെറുപ്രായത്തിൽ തന്നെ കുട്ടികൾ സ്വായത്തമാക്കിയില്ലെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം തന്നെ നിഷ്പ്രയോജന മായിരിക്കും. വിദ്യാർത്ഥികൾക്ക് പരിസ്ഥിതി അവബോധ പഠനം നൽകേണ്ടതിന്റെ ആവശ്യകത ഈ ഘട്ടത്തിൽ തികച്ചും പ്രാധാന്യമർഹിക്കുന്നു. പരിസ്ഥിതി അവബോധമുള്ള ഒരു പുതിയ തലമുറയെ എങ്ങനെ വാർത്തെടുക്കാമെന്നതിനെ സംബന്ധിച്ച് സമിതിക്ക് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ വകുപ്പുമേധാവികളുമായി സമിതി നടത്തിയ തെളിവെടുപ്പിൽനിന്നും ചർച്ചകളിൽനിന്നും സമിതിക്ക് ലഭിച്ച വിവരങ്ങളും സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 ഫെബ്രുവരി 2-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 2.

## റിപ്പോർട്ട്

ശാസ്ത്ര നേട്ടങ്ങൾകൊണ്ട് തടയാനാകാത്ത നിരവധി ദുരന്തങ്ങൾ ഇന്ന് ഭൂമുഖത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ വിപത്തുകളിൽ ഏറെയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടവയാണ്. മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾക്കായി നഗരവൽക്കരണത്തിന്റെയും സാങ്കേതിക വികസനത്തിന്റെയും ഹരിതവിപ്ലവത്തിന്റെയും പിറകെ ഓടിത്തളർന്നതിനു ശേഷമാണ് അവയെല്ലാം തന്നെ പരിസ്ഥിതിക്ക് ദോഷം സൃഷ്ടിക്കുന്നവയാണെന്ന് മനുഷ്യൻ മനസ്സിലാക്കിയത്. പുരോഗതി ലഭ്യമാക്കിയെങ്കിലും, കീടനാശിനികളും ആണവ റിയാക്ടറുകളും തുടങ്ങിയ വിവിധ കണ്ടുപിടിത്തങ്ങളെല്ലാം പ്രകൃതിയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുകയും മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുകയും ചെയ്തിരിക്കുന്നു.

ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട എല്ലാ സൂക്ഷ്മ ദുരന്തങ്ങളും ആഗോള ദുരന്തങ്ങൾക്ക് അടിസ്ഥാനമാകാവുന്നവയാണെന്ന് തിരിച്ചറിയേണ്ട കാലമാണിത്. ഉയരുന്ന താപനിലയും ധ്രുവങ്ങളിലെ മഞ്ഞുരുകലും, പ്രളയങ്ങൾ, വരൾച്ചകൾ, സമുദ്രത്തിന്റെ താപനില ഉയരലും സമുദ്രനിരപ്പുയരലും, മഴയിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിൽ തുടങ്ങിയ പ്രത്യാഘാതങ്ങളും വരുംകാല ദുരന്തങ്ങളെയാണ് തുറന്നു കാണിക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി സസ്യ, ജീവജാലങ്ങൾ അന്യം നിന്നുപോകുന്നുണ്ട്. തടാകങ്ങൾ, വനങ്ങൾ, ധ്രുവ പ്രദേശങ്ങളുടെ തകർച്ചകൾ തുടങ്ങിയവ വൻ ദുരന്തങ്ങൾ സൃഷ്ടിക്കും. ആഗോള താപനം അതിന്റെ രൂക്ഷതയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു.

അന്തരീക്ഷത്തിലെ വാതകങ്ങളുടെ അനുപാതത്തിൽ ഉണ്ടായിട്ടുള്ള മാറ്റം വലിയ അളവിൽ ആപത്തിനെ ക്ഷണിച്ചുവരുത്തിക്കൊണ്ടിരിക്കുന്നു. രാസവളം, മറ്റ് രാസവസ്തുക്കൾ എന്നിവയുടെ നിർമ്മാണ ശാലകളിൽ നിന്നും പുറന്തള്ളുന്ന അമ്ലബാഷ്പങ്ങൾ നീരാവിയിൽ അലിഞ്ഞുചേർന്ന് അമ്ലമഴ ഉണ്ടാകുകയും അത് ശുദ്ധജലത്തെയാകെ മലിനമാക്കുകയും ചെയ്യുന്നു. ഖനനപ്രക്രിയമൂലം ശ്വാസകോശങ്ങളെ ബാധിക്കുന്ന വിവിധ രോഗങ്ങൾ ഉണ്ടാകുന്നു. മാലിന്യക്കൂമ്പാരങ്ങളിൽ നിന്നും ഉണ്ടാകുന്ന ഹൈഡ്രജൻ സൾഫൈഡും വലിയ അപകടകാരിയാണ്. കൊതുക്, ഈച്ച, സൂക്ഷ്മാണുക്കൾ എന്നിവ പെരുകുന്നതിനും മാലിന്യക്കൂമ്പാരങ്ങൾ കാരണമാകുന്നു. വാഹനങ്ങളിൽനിന്നും നിത്യവും പുറത്തുവിടുന്ന കാർബൺമോണോക്സൈഡും ഈയവും മനുഷ്യന്റെ വൃക്കകളെയും തലച്ചോറിനേയും രോഗഗ്രസ്തമാക്കുന്നു. കത്തുന്ന ഇന്ധനങ്ങളും എണ്ണപ്പാടങ്ങളും വൻതോതിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു. പുകയിൽ അടങ്ങിയിരിക്കുന്ന 'ബെൻസോ പൈറിൻ' അർബുദ രോഗത്തിന് കാരണമാകുന്നുണ്ട്. അമിതമായി ഉണ്ടാകുന്ന കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷ ഊഷ്മാവ് വർദ്ധിപ്പിക്കുന്നു. ഓസോൺ പാളികളിൽ ഉണ്ടാകുന്ന വിള്ളൽ പ്രതീക്ഷിക്കാത്ത തരത്തിലുള്ള കാലാവസ്ഥാവ്യതിയാനം ഉണ്ടാക്കുന്നു.

സസ്യങ്ങളും ജന്തുക്കളും ഭൂമുഖത്ത് വെറുതെയങ്ങ് വിതരണം ചെയ്യപ്പെട്ടിരിക്കുകയല്ല ഓരോന്നിനും ഓരോ പരിതസ്ഥിതിയാണ് അനുയോജ്യം. ഓരോ ജീവിയും ഉത്ഭവിച്ച് പരിണാമം പ്രാപിച്ച പ്രദേശത്താണ് അവ പ്രധാനമായും കണ്ടുവരുന്നത്. മനുഷ്യന്റെ എണ്ണപ്പെരുപ്പം മറ്റ് ജീവികളുടെ അസ്തിത്വത്തിനു ഭീഷണിയായിരിക്കുന്നു. ജനപ്പെരുപ്പം ചില സ്ഥലങ്ങളിൽ ശുദ്ധവായുവിനും ശുദ്ധജലത്തിനും കൂടി ദാരിദ്ര്യം വരുത്തിയിരിക്കുന്നു.

സാങ്കേതികവിദ്യ പ്രകൃതിക്കുനേരെ തിരിഞ്ഞിരിക്കുന്ന അവസ്ഥയും നമുക്ക് കാണാവുന്നതാണ്. സാങ്കേതികവിദ്യ പ്രയോഗിക്കുമ്പോൾ പ്രകൃതിക്ക് പ്രഹരമേൽക്കാതെ നോക്കാൻ നാം മറന്നുപോയി. വൻ അണക്കെട്ടുകളുടെയും ജലസേചന-ജലവൈദ്യുത പദ്ധതി കളുടെയും നിർമ്മാണം മകുടോദാഹരണമാണ്. വൻ പദ്ധതികളുടെ സാങ്കേതിക മേന്മ, മനുഷ്യന്റെ ഭാവനാശക്തി, തൊഴിലവസരങ്ങൾ എന്നിവ ഒട്ടേറെപ്പേരെ സ്വാധീനിക്കും. എന്നാൽ അവയുടെ ദോഷവശങ്ങൾ കാണുകയോ മനസ്സിലാക്കുകയോ അത്ര എളുപ്പമായ കാര്യമല്ല.

ഭൂമി ദുരുപയോഗപ്പെടുത്തിയാൽ അതിന്റെ നഷ്ടം എല്ലാവരെയും ബാധിക്കും. നൈസർഗിക വനം മാറ്റി പ്ലാന്റേഷനാക്കുന്നതും ദുരുപയോഗമാണ്. വയനാടൻ കുന്നുകൾ ഇന്നനുഭവിക്കുന്ന ദുസ്ഥിതി ഇതിനുദാഹരണമാണ്. കാലവർഷം കഴിഞ്ഞ് ഒരു മാസത്തിനകം താഴ്‌വാരങ്ങളിലെ കൃഷിനിലങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നു. ഭക്ഷണ രീതികളുടെ മാറ്റവും രാസവിഷങ്ങളടങ്ങിയ ഭക്ഷ്യവസ്തുക്കളും നമ്മുടെ ആരോഗ്യത്തെ തകർക്കുന്നു. വിവിധതരം മാരകരോഗങ്ങൾ ഇവിടെ വ്യാപകമായി.

നമ്മുടെ ഗൃഹനിർമ്മാണരീതികൾ എത്രത്തോളം പ്രകൃതിവിരുദ്ധമാണെന്നു നാം മനസ്സിലാക്കണം. ആവശ്യത്തിലധികം വലിപ്പമുള്ള വീടുകൾ നിർമ്മിക്കുമ്പോൾ പ്രകൃതിയിൽ പരിമിതമായ മണ്ണ്, കല്ല്, മണൽ, മരം തുടങ്ങിയ വിഭവങ്ങൾ കൊള്ളയടിക്കുകയാണെന്ന യാഥാർത്ഥ്യം നാം അറിയേണ്ടതുണ്ട്. കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയിൽ വരുത്തിയ മാറ്റങ്ങൾ ഇപ്പോൾ തിരിച്ചടിയാകുന്നു.

നെൽകൃഷി അരനൂറ്റാണ്ടിനിടയിൽ അഞ്ചിലൊന്നായി കുറഞ്ഞിട്ടുണ്ട്. പാവപ്പെട്ട അഞ്ചുസെന്റുകാർക്ക് 'ഒരു കൂരവെയ്ക്കാൻ' എന്ന നിയമത്തിന്റെ മറവിലാണ് യാതൊരു തടസ്സവുമില്ലാതെ പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുന്നത്. വികസന പദ്ധതികളിലേറെയും പാടങ്ങളെ നശിപ്പിക്കുന്നവയാണ്. വമ്പൻ റിയൽ എസ്റ്റേറ്റ് മാഫിയകൾ ആയിരക്കണ ക്കിനേക്കർ ഭൂമി നികത്തിക്കഴിഞ്ഞു. നെൽപ്പാടങ്ങൾ നികത്തിയുണ്ടാക്കുന്ന വികസന പ്രവർത്തനങ്ങളെയൊന്നും എതിർക്കാത്ത മലയാളി അരിവില കുറയ്ക്കണമെന്നും ഇഷ്ടംപോലെ അരി കിട്ടണമെന്നും വാദിക്കുന്നത് യുക്തിരാഹിത്യം തന്നെയാണ്.

ഭൂമിയോടെന്നതുപോലെതന്നെ ഭക്ഷണത്തോടുള്ള സമീപനത്തിലും മലയാളി മാറിയിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസം, തൊഴിൽ, യാത്ര മുതലായവയിലെ മാറ്റങ്ങൾ ഭക്ഷണങ്ങളിലും പ്രകടമായിട്ടുണ്ട്. ഈർപ്പം കുറഞ്ഞ ഭക്ഷണം (ചപ്പാത്തി, ബ്രഡ് മുതലായവ) വ്യാപകമാവുന്നു. ഒരു നേരമെങ്കിലും ഗോതമ്പ് മധ്യവർഗക്കാരുടെ രീതിയായിരിക്കുന്നു. ഫാഷൻ മുതലായ രീതികളാലാണ് വന്നതെങ്കിലും ഇന്നിത് ഒരു ആരോഗ്യാവശ്യം കൂടിയായിരിക്കുന്നു. കായികാധ്വാനത്തോട് മധ്യവർഗക്കാർക്കുള്ള വിരക്തിയാണ് നാട്ടിൽ നെൽകൃഷി ഉൾപ്പെടെയുള്ള കാർഷികമേഖല തകരാനുള്ള ഒരു പ്രധാന കാരണം.

പുറത്തുനിന്നുവരുന്ന ഭക്ഷ്യവസ്തുക്കളിൽ എല്ലാം ഉയർന്നതോതിൽ കീടനാശിനിയുടെ അംശമുണ്ട് എന്നത് പരസ്യമായ കാര്യമാണ്. അറിഞ്ഞുകൊണ്ടുതന്നെ നമ്മൾ അത് കഴിക്കുന്നു. അർബുദം, ആമാശയ രോഗങ്ങൾ തുടങ്ങി മറ്റ് പലതരം രോഗങ്ങളെയും പ്രതിരോധിക്കാൻ കഴിയാതായിരിക്കുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി കോടികൾ പുറത്തേക്ക് ഒഴുകുന്നു എന്ന് വേവലാതിപ്പെടുന്നവർ അനേകം കോടി രൂപ വിഷം കലർന്ന ഭക്ഷണത്തിനും മറ്റുമായി പുറത്തേയ്ക്ക് പോകുന്നതിനെപ്പറ്റി വ്യാകുലപ്പെടുന്നതേയില്ല. ഭക്ഷണത്തിന്റെ കാര്യത്തിൽ പൂർണ്ണ സ്വയംപര്യാപ്തതയില്ലെങ്കിലും തൽക്കാലം പിടിച്ചുനിൽക്കാനുള്ളതെങ്കിലും (പച്ചക്കറി, മുട്ട, മാംസം മുതലായവ) ഉല്പാദിപ്പിക്കാനുള്ള തോന്നലെങ്കിലും കേരളീയ പൊതുസമൂഹത്തിനുണ്ടാകണം. ഇവിടെയാണ് വിദ്യാഭ്യാസ രീതിയിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ച് നാം ചിന്തിക്കേണ്ടത്.

പ്രകൃതി സംരക്ഷണം തന്റെ ഉത്തരവാദിത്തമാണ് എന്ന് ആളുകൾക്ക് തോന്നണം. ഭൂമുഖത്ത് മനുഷ്യസമൂഹത്തിന് നിലനിന്നുപോകാൻ സസ്യജന്തുജാലവും സന്തുലിതമായ പരിസ്ഥിതിയും നമ്മോടൊപ്പമുണ്ടാകണം എന്ന ഒരു പുതിയ ബോധം ഉണ്ടാകണം. ഇതിന് പൊതുബോധവൽക്കരണ പദ്ധതി ആവിഷ്കരിക്കണം. പരിസ്ഥിതി വിജ്ഞാനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു പുതിയ വിദ്യാഭ്യാസ പദ്ധതി വേണം. പ്രകൃതിസംരക്ഷണ തീരുമാനങ്ങളിൽ ജനപങ്കാളിത്തം ഇല്ലാത്തതും വിദ്യാഭ്യാസ മണ്ഡലത്തിൽ പുരോഗതിയുണ്ടായിട്ടും പരസ്ഥിതി ബോധം തീരെയുണ്ടായിട്ടില്ല എന്നതും ഗൗരവമായി എടുക്കേണ്ട സംഗതി തന്നെയാണ്.

വിദ്യാഭ്യാസ മണ്ഡലത്തിൽ പരിസ്ഥിതി വിജ്ഞാനത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. പരിസ്ഥിതി വിജ്ഞാനത്തിൽ വേണ്ടത്ര അവബോധമുള്ള വിദ്യാഭ്യാസ വിദഗ്ധരുണ്ടെങ്കിലും നമ്മുടെ പാഠപുസ്തകത്തിലൂടെ കിട്ടുന്ന പരിസ്ഥിതി വിജ്ഞാനം വളരെ കുറവാണ്. വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും പ്രാദേശിക ജനപങ്കാളിത്തം ഗുണം ചെയ്യും. സാമൂഹ്യവും സാമ്പത്തികവും പാരിസ്ഥിതികവുമായ ഉദ്ദേശലക്ഷ്യങ്ങളെ കോർത്തിണക്കിക്കൊണ്ട് പോകാൻ കഴിയും. മുഴുവൻ ശരിയല്ലാത്ത

തീരുമാനങ്ങൾ നടപ്പാക്കുന്നത് തടയാനാവും. പൊതുജന താല്പര്യം എന്തൊക്കെയാണെന്ന് തീരുമാനമെടുക്കുന്നവരും നടപ്പിലാക്കുന്നവരും മനസ്സിലാക്കാനിടവരും. പാരിസ്ഥിതിക ദോഷങ്ങൾ എന്തൊക്കെയാണെന്ന് ബഹുജനത്തിനും അറിയാനുള്ള അവസരം കിട്ടും. കേരളീയർ മനസ്സിലാക്കേണ്ട പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുന്നതോടൊപ്പംതന്നെ മനുഷ്യന്റെ നവീകരണ പ്രവർത്തനങ്ങൾ എപ്പോഴും ദീർഘവീക്ഷണത്തോടെ ആയിരിക്കണമെന്ന മുന്നറിയിപ്പും നൽകേണ്ടതായിട്ടുണ്ട്. പ്രശ്നപരിഹാരത്തിന് സർക്കാരുകളും വൻകിട കമ്പനികളും സ്ഥാപനങ്ങളും കുടുംബവും വ്യക്തിയുമൊക്കെ ഇടപെടലുകൾ നടത്തേണ്ടതായുണ്ട്.

പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ കേരളത്തിന് ഒരു പരിസ്ഥിതി നയം അനിവാര്യമാണ്. നയത്തിലേക്ക് എത്താൻ നമ്മുടെ പരിസ്ഥിതിയെക്കുറിച്ച് അറിയണം. പ്രകൃതിവിഭവങ്ങളെപ്പറ്റിയും അറിയണം. പരിസ്ഥിതി അവബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിന് ചെറുപ്രായത്തിൽത്തന്നെ വിദ്യാർത്ഥികൾക്ക് പരിസ്ഥിതിയെ സംബന്ധിച്ച ശാസ്ത്രീയ പഠനം നൽകേണ്ടതുണ്ട്. അതിന് ചെറിയ ക്ലാസ്സ് മുതൽ പരിസ്ഥിതി നാശത്തിനുള്ള കാരണങ്ങളും പരിസ്ഥിതി നശീകരണത്തിൽ നിന്നും കരകയറാനുള്ള മാർഗ്ഗങ്ങളും വിദ്യാർത്ഥികളെ പഠിപ്പിക്കണം. 'പ്രകൃതി സംരക്ഷണം' എന്ന വിഷയം പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾതലത്തിലും ബിരുദ, ബിരുദാനന്തരബിരുദ തലങ്ങളിലും സിലബസ്സിൽ ഉൾപ്പെടുത്തണം. മനുഷ്യരുടെ ശാശ്വതമായ നിലനിൽപ്പിനെ ഉദ്ദേശിച്ചുള്ള വികസന പ്രവർത്തനങ്ങൾ ഏതൊക്കെയായിരിക്കണമെന്നും കാലാവസ്ഥാ മാറ്റം, സമുദ്രവിഭവങ്ങൾ, കാടുകൾ എന്നിവയിൽ വന്നിട്ടുള്ള കുറവ്, മണ്ണൊലിപ്പ്, മേച്ചിൽ സ്ഥലങ്ങൾ പിന്നീട് മരുഭൂമിയായി മാറുന്ന അവസ്ഥ എന്നിവയും ഭൂഗർഭജലവിതാനം താഴ്ന്നുപോകുന്നതും അന്തരീക്ഷ താപനില കൂടുന്നതും അപകടകാരികളായ കൊടുങ്കാറ്റുകൾ കൂടെക്കൂടെ ഉണ്ടാകുന്നതും പവിഴപ്പുറ്റുകൾ പോലെയുള്ള ജീവജാലങ്ങൾ ഇല്ലാതാകുന്നതും ചിലതരം ജീവജാലങ്ങൾക്ക് നാശം സംഭവിക്കുന്നതും വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിലെ പ്രധാന ഇനങ്ങളാക്കി വിവിധ ഘട്ടങ്ങളായി പഠിപ്പിച്ചെടുക്കണം. അനിയന്ത്രിതമായ പ്രകൃതി ചൂഷണവും പരിസ്ഥിതി മലിനീകരണവുംമൂലമുള്ള ദുരന്ത ഫലങ്ങൾ ഇന്നത്തെ തലമുറ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഭാവി തലമുറകളെയെങ്കിലും ഈ വിനാശങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും മലിനീകരിക്കപ്പെട്ട പരിസ്ഥിതിയെ അതിന്റെ സ്വാഭാവിക തനിമയിലേക്ക് വീണ്ടെടുക്കുന്നതിനും വളരെ ശ്രമകരമായ ദൗത്യങ്ങൾ ആവശ്യമാണ്. അതിന് ഏറ്റവും നല്ലത് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധം വളർത്തുകയും പരിസ്ഥിതിയെ സംരക്ഷിക്കുക എന്നത് തന്റെ കടമയാണെന്ന ബോധം അവരിൽ ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. അതിന് വിദ്യാഭ്യാസ സമ്പ്രദായത്തിലും സിലബസ്സിലുമെല്ലാം കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്ന് സമിതി കരുതുന്നു. രാജ്യത്തെ എല്ലാ സ്കൂളുകളിലും പരിസ്ഥിതി പഠനം നിർബന്ധമാക്കണമെന്ന പരമോന്നത

നീതിപീഠത്തിന്റെ വിധിയും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. സംസ്ഥാനത്തെ പല യൂണിവേഴ്സിറ്റികളിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസ്ഥിതി പഠനം ഒരു വിഷയമാക്കിയിട്ടുണ്ട് എന്നുള്ളത് ആശാവഹമാണ്. എന്നാൽ അത് കൂടുതൽ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

**ശിപാർശകൾ**

1. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സിലബസ്സിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്ന പരിസ്ഥിതി ശാസ്ത്ര പഠനം പരിസ്ഥിതി അവബോധമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കാൻ പര്യാപ്തമാണോ എന്ന കാര്യം പരിസ്ഥിതി രംഗത്തെയും വിദ്യാഭ്യാസ രംഗത്തെയും വിദഗ്ദ്ധരുൾപ്പെട്ട ഒരു സമിതിയുടെ മേൽനോട്ടത്തിൽ പരിശോധിക്കുകയും പഠനം നടത്തുകയും ചെയ്യുന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നു വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നും അതിന്റെ വെളിച്ചത്തിൽ ഓരോ ക്ലാസ്സിലെയും സിലബസ്സിൽ പരിസ്ഥിതി സംബന്ധമായ കാര്യങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും പരിസ്ഥിതി സംരക്ഷണം തന്റെ ഉത്തരവാദിത്തമാണ് എന്ന ബോധം ഓരോ വിദ്യാർത്ഥിയിലും ഉണ്ടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2 എല്ലാ ബിരുദ കോഴ്സുകളിലെയും പാഠ്യക്രമത്തിൽ യു.ജി.സി. നിർദ്ദേശാനുസരണമുള്ള പരിസ്ഥിതി പഠനം ഉൾക്കൊള്ളിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു അവലോകന സമിതിക്ക് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. പരിസ്ഥിതി ശാസ്ത്രം എന്ന വിഷയത്തിൽ ഒരു വർഷക്കാലയളവിൽ പഠിപ്പിക്കാവുന്ന തരത്തിലുള്ള ഒരു പ്രത്യേക സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കണമെന്നും പ്രസ്തുത സർട്ടിഫിക്കറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രത്യേക പരിഗണന നൽകി നിയമനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. ഇന്ത്യയിൽ പരിസ്ഥിതി സംരക്ഷണത്തിനും പ്രകൃതി വിഭവ സംരക്ഷണത്തിനും വേണ്ടുന്ന ധാരാളം ശ്രമങ്ങൾ നടന്നു വരുന്നതായി കാണാം. ഇന്ത്യയുടെ പരിസ്ഥിതി നയത്തോടടുത്തു നിൽക്കുന്ന "പരിസ്ഥിതിക്കും വികസനത്തിനുമായുള്ള ദേശീയ പരിരക്ഷണ തന്ത്രവും നയപ്രഖ്യാപനവും (1992)" എന്ന രേഖ എല്ലാ സംസ്ഥാനങ്ങൾക്കും ഇന്ത്യാ ഗവൺമെന്റ് അയച്ചുകൊടുത്തിരുന്നു എന്നും അത് അതേപടി അംഗീകരിക്കുകയോ അല്ലെങ്കിൽ സമാനമായ ഒരു സംസ്ഥാന നയം ഉണ്ടാക്കുകയോ വേണമെന്ന്

സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി ദേശീയ രേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ സംസ്ഥാന പരിസ്ഥിതി നയം രൂപീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനും നാളിതുവരെ കഴിഞ്ഞിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാന പരിസ്ഥിതി സംരക്ഷണത്തിനുതകും വിധമുള്ള ഒരു സംസ്ഥാന പരിസ്ഥിതി നയത്തിന് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, അതീവ പ്രാധാന്യമുള്ള ജനുസ്സിൽപ്പെട്ടവയുമായ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് സ്കൂൾ കോമ്പൗണ്ടിലും കോളേജ് കോമ്പൗണ്ടിലും കുറഞ്ഞത് പത്ത് സെന്റ് സ്ഥലമെങ്കിലും നീക്കിവച്ചിട്ടുണ്ടെന്നും എല്ലാ വർഷവും കുട്ടികളുടെ ബയോഡൈവേഴ്സിറ്റി കോൺഗ്രസ് സ്റ്റേറ്റുതലത്തിൽ നടത്തുന്നതായും അതിനായി ഒരു ബയോഡൈവേഴ്സിറ്റി കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ജില്ലാ തലത്തിലും താഴെതട്ടുവരെയും അത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും അതിനാവശ്യമായ ബയോഡൈവേഴ്സിറ്റി കോ-ഓർഡിനേറ്റർമാരെ നിയമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

6. എല്ലാവർഷവും ജൂൺ 5-ന് ലോക പരിസ്ഥിതി ദിനം ആചരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്ന ചടങ്ങ് സംഘടിപ്പിക്കാറുണ്ട്. എന്നാൽ ഇങ്ങനെ നടുന്ന ചെടികൾക്ക് പിന്നീട് ഒരു സംരക്ഷണവും ലഭിക്കുന്നില്ല എന്ന ആക്ഷേപവും നിലവിലുണ്ട്. ലോകത്തിന്റെ മറ്റ് പല പ്രദേശങ്ങളിലും ഇക്കാലയളവിൽ വേനൽക്കാലമാണ്. എന്നാൽ കേരളത്തിൽ മഴക്കാലവും. ജൂൺ മാസത്തിലെ പരിസ്ഥിതി ദിനത്തിൽ മരം വച്ചുപിടിപ്പിക്കുന്നതിന്റെ ശാസ്ത്രീയതയിൽ സമിതിക്ക് സംശയമുണ്ട്. മഴക്കാലത്ത് നടുന്ന സസ്യങ്ങളിൽ ഏറിയപങ്കും നശിക്കുന്നതിനിട യാകുന്നുണ്ടെന്നും വൃക്ഷത്തൈകൾ വേനൽക്കാലത്ത് നട്ടുവളർത്തിയെടുക്കാൻ കഴിഞ്ഞാൽ നല്ലതായിരിക്കുമെന്നും വേരുകൾ ഭൂമിയിൽ ഉറപ്പിച്ചു നിർത്തുന്നതിന് വേനൽക്കാലം ഉചിതമായിരിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. എൽ.പി. വിഭാഗത്തിലെ അദ്ധ്യാപകർക്ക് വേനൽക്കാലത്ത് പരിസ്ഥിതി സംരക്ഷണ വിഷയത്തിൽ പരിശീലനം നൽകി വരുന്നുണ്ടെന്നും കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതിനായി 'വേനൽപച്ച' പോലെയുള്ള പുസ്തകങ്ങൾ തയ്യാറാക്കി യിട്ടുണ്ടെന്നും ഇക്കഴിഞ്ഞ വർഷം മുതൽ പൊതു വിദ്യാലയങ്ങളിൽ 'ഗ്രീൻ പ്രോട്ടോകോൾ'

നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും എല്ലാ സ്കൂളുകളിലും 'ഒരു ഇക്കോ ക്ലബ്' തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ചുറ്റുപാടുമുള്ള മരങ്ങൾ തിരിച്ചറിയുക, പരിസ്ഥിതി ദിനത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ എൽ.പി. സ്കൂളുകളിലെ അദ്ധ്യാപകർക്കുമാത്രമായി പരിശീലനം പരിമിതപ്പെടുത്തുന്നത് ഒരു പോരായ്മയാണെന്നും കോളേജുകളുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യാപകർക്കും പരിസ്ഥിതി വിജ്ഞാനരംഗത്തെ പ്രഗൽഭരായവരുടെ പരിശീലനം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8 യു.ജി.സി. നിയമങ്ങൾ പ്രകാരം എല്ലാ സർവ്വകലാശാലകളും അവരുടെ സിലബസ്സിൽ പരിസ്ഥിതി സംബന്ധിച്ചുള്ള പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എല്ലാ യൂണിവേഴ്സിറ്റികളിലും പരിസ്ഥിതി ശാസ്ത്ര വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വിഭാഗത്തിൽ എസ്.സി.ഇ.ആർ.ടി. ഇക്കാര്യം നിഷ്കർഷിച്ചിട്ടുണ്ടെന്നും എല്ലാ ക്ലാസ്സുകളിലെയും സിലബസ്സിന്റെ പൂർണ്ണമായ രൂപം ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. വിഷയം സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും സ്കൂളുകളിൽ പ്രസ്തുത ഭാഗം പഠിപ്പിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുന്നതിനുള്ള ശരിയായ സംവിധാനം നിലവിലില്ലെന്ന് ചർച്ചയിൽ സമിതിക്ക് ബോധ്യപ്പെട്ടു ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. പരിസ്ഥിതി പ്രവർത്തനങ്ങൾ വിദ്യാർത്ഥി സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി രൂപപ്പെടുത്തിയ 'ഭൂമിത്ര സേനാ ക്ലബ്ബുകൾ' സംസ്ഥാനത്തുടനീളം ആരംഭിക്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. വിദ്യാലയങ്ങളിൽ പരിസ്ഥിതി സംരക്ഷണ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുള്ള സെമിനാറുകൾ, സിമ്പോസിയങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക, പരിസ്ഥിതി സംരക്ഷണത്തെ ആധാരമാക്കിയുള്ള കർമ്മപദ്ധതികൾക്കും ആസൂത്രണത്തിനും മറ്റും വരുന്ന അധിക ചെലവുകൾക്ക് ആവശ്യമായ ധനസഹായം നൽകുക എന്നീ പ്രവർത്തനങ്ങൾക്കൊപ്പം വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം വളർത്തണമെന്ന ഉദ്ദേശലക്ഷ്യത്തോടെ കേരളത്തിലെ സ്കൂൾ/ഉന്നത വിദ്യാഭ്യാസ പാഠ്യ പദ്ധതികൾ പരിഷ്കരിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ളതിന്റെ പരിണിതഫലം ശാസ്ത്രീയവും സമഗ്രവുമായ പഠനത്തിനു വിധേയമാക്കണമെന്നും, അവ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നുമുള്ള സമഗ്രപഠനംകൂടി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. സ്കൂളുകളിൽ പരിസ്ഥിതി പഠനം നിർബന്ധമാക്കിയതു കൊണ്ടുമാത്രം വിദ്യാർത്ഥികൾക്ക് പരിസ്ഥിതിയോട് സ്നേഹമുണ്ടാകുമെന്നും അതിനെ സംരക്ഷിക്കുവാൻ അവർ ശ്രമിക്കുമെന്നും സമിതി കരുതുന്നില്ല. പരീക്ഷയ്ക്ക് ജയിക്കുവാനും ജോലി നേടുവാനുമുള്ള ഒരു മാർഗ്ഗം എന്നതിലുപരി, പ്രകൃതിയോടും പരിസ്ഥിതിയോടും താൽപ്പര്യമുണ്ടാകുന്ന തരത്തിലുള്ള ഫീൽഡ് പ്രോജക്ടുകൾ പഠനത്തിന്റെ ഭാഗമായി ഉണ്ടാകണമെന്നും വനവും മണ്ണും പുഴയുമെല്ലാം അവർക്ക് പ്രചോദനമാകുന്ന രീതിയിൽ 'നേരറിവുകൾ' നൽകുന്ന സംവിധാനത്തിലേക്ക് പരിസ്ഥിതി പഠനം മാറണമെന്നും സമിതി നിർദ്ദേശിക്കുന്നു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 2.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.